"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വ്യവസായ വകുപ്പ് - വ്യവസായവും വാണിജ്യവും - ജീവനക്കാര്യം - ശ്രീമതി. ഷാനിബ എം.കെ, ഓഫീസ് അറ്റൻഡന്റ്, താലൂക്ക് വ്യവസായ ഓഫീസ്, ഒറ്റപ്പാലം - പ്രത്യേകാവശതാവധി അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വ്യവസായ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.530/2026/ID തീയതി,തിരുവനന്തപുരം, 11-05-2026

---

പരാമർശം:- 1. വ്യവസായ വാണിജ്യ ഡയറക്ടറുടെ 05/01/2026-ലെ ഡിഐസി/31/2026-ഇഎ4 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

വ്യവസായ വാണിജ്യ വകുപ്പിൽ ഒറ്റപ്പാലം താലൂക്ക് വ്യവസായ ഓഫീസിലെ ഓഫീസ് അറ്റൻഡന്റ് ശ്രീമതി. ഷാനിബ എം. കെ, 14.08.2025 തീയതിയിൽ ജോലികഴിഞ്ഞ് തിരികെ വീട്ടിലേയ്ക്ക് മടങ്ങവെ ബസിൽ നിന്നും ഇറങ്ങവെ വീണ് കൈയ്യിൽ പരിക്ക് പറ്റുകയും കുന്നംകുളം യൂണിറ്റി ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും കൈയ്യിൽ പ്ലാസ്റ്റർ ഇടുകയും ചെയ്തു. പിന്നീട് പരിക്ക് ഗുരുതരമായതിനാൽ ഡോക്ടറുടെ നിർദേശാനുസരണം 25/08/2025-ന് സർജറിയ്ക്ക് വിധേയമാകുകയും സർജറിയ്ക്ക് ശേഷം 52 ദിവസത്തെ പൂർണ്ണ വിശ്രമം വേണമെന്ന് ഡോക്ടർ നിർദേശിക്കുകയും ചെയ്തിട്ടുണ്ട്. ആകയാൽ ശ്രീമതി. ഷാനിബ എം. കെ-യ്ക്ക് 15/08/2025 മുതൽ 05/10/2025 വരെയുള്ള കാലയളവിലേക്ക് സ്പെഷ്യൽ ഡിസബിലിറ്റി ലീവ് അനുവദിക്കണമെന്ന് പരാമർശത്തിലെ കത്ത് പ്രകാരം വ്യവസായ വാണിജ്യ ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യങ്ങൾ വ്യവസായ വാണിജ്യ ഡയറക്ടറുടെ റിപ്പോർട്ടിൻറെയും മെഡിക്കൽ സർട്ടിഫിക്കറ്റിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ഒറ്റപ്പാലം താലൂക്ക് വ്യവസായ ഓഫീസിലെ ഓഫീസ് അറ്റൻഡന്റ് ശ്രീമതി. ഷാനിബ എം. കെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിന് ശേഷം 15/08/2025-ന് വീട്ടിലേയ്ക്കുള്ള യാത്രാമധ്യേയാണ് അപകടം സംഭവിച്ച് പരിക്ക് പറ്റിയതെന്ന നിയന്ത്രണാധികാരിയുടെ സാക്ഷ്യപത്രത്തിന്റെയും ടി ജീവനക്കാരിയ്ക്ക് 15/08/2025 മുതൽ 05/10/2025 വരെ ചികിത്സയും പൂർണ്ണ വിശ്രമവും ആവശ്യമാണെന്ന് ഡോക്ടറുടെ സർട്ടിഫിക്കറ്റിന്റെയും അടിസ്ഥാനത്തിൽ ശ്രീമതി. ഷാനിബ എം. കെ, ഓഫീസ് അറ്റൻഡന്റിന് 15/08/2025 മുതൽ 05/10/2025 വരെ കെ.എസ്.ആർ ഭാഗം 1 ചട്ടം 98 പ്രകാരം പ്രത്യേകാവശതാവധി അനുവദിച്ചു ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SABU ANTONY K

ഡെപ്യൂട്ടി സെക്രട്ടറി

വ്യവസായ വാണിജ്യ ഡയറക്ടർ, തിരുവനന്തപുരം

ശ്രീമതി. ഷാനിബ എം. കെ (വ്യവസായ വാണിജ്യ ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ശേഖരം / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Sabitha B.
സെക്ഷൻ ഓഫീസർ
Date: 11-05-2026 17:24:43